**REGIONAL NEWS UNIT, ALL INDIA RADIO, CALICUT**

**ആകാശവാണി**

**പ്രാദേശിക വാർത്തകൾ**

| | | | |
|---|---|---|---|
| തിയ്യതി: | 24-04-2026 | സമയം | 06.45 AM |

**പ്രധാന വാർത്തകൾ.**

- സംസ്ഥാനം ഉഷ്ണ തരംഗ ഭീതിയിൽ. പകൽ താപനില 41 ഡിഗ്രി വരെ ഉയരാൻ സാധ്യത. കൊല്ലം, തൃശൂർ ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.
- നിർമിത ബുദ്ധി മോഡലുകൾ ഉയർത്തുന്ന പുതിയ ഭീഷണികൾ നേരിടാൻ ബാങ്കുകൾ അതീവ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.
- മുണ്ടത്തിക്കോട് വെടിക്കെട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണത്തെ തൃശ്ശൂർ പൂരത്തിന് വെടിക്കെട്ട് ഒഴിവാക്കാൻ തീരുമാനം.
- നെടുമ്പാശ്ശേരി വിമാനത്താവളം വഴി ആദ്യ ഹജ്ജ് വിമാനം ഈമാസം 30ന് പുറപ്പെടും. ക്യാമ്പിന് ഒരുക്കങ്ങൾ പൂർത്തിയായി.
- ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം.
- IPL ട്വന്റി 20 ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന് 103 റൺസിന്റെ തകർപ്പൻ വിജയം.

**വാർത്തകൾ വിശദമായി.**

സംസ്ഥാനത്ത് ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് വിവിധ ജില്ലകളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, കൊല്ലം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ഇടുക്കിയും വയനാടും ഒഴികെ മറ്റ് പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പുറപ്പെടുവിച്ചു.

പാലക്കാട് ജില്ലയിൽ താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്. കോട്ടയം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി വരെയും ആലപ്പുഴ, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ 37 ഡിഗ്രി വരെയും താപനില വർധിച്ചേക്കാം. തിരുവനന്തപുരത്ത് 36 ഡിഗ്രി സെൽഷ്യസാണ് പ്രതീക്ഷിക്കുന്ന താപനില.

സൂര്യാഘാത സാധ്യത നിലനിൽക്കുന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്തനിവാരണ അതോറിറ്റി നിർദേശിച്ചു.

✪✪✪

കൊല്ലം ജില്ലയിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലാ കലക്ടർ N.ദേവിദാസ് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ചൂട് ഉയരാൻ സാധ്യതയുള്ളതിനാൽ ഈ മാസം 29 വരെ സ്വകാര്യ ട്യൂഷൻ ക്ലാസുകൾ, അവധിക്കാല ക്ലാസുകൾ, ക്യാമ്പുകൾ എന്നിവ നിരോധിച്ചു.

തൊഴിലാളികളുടെ ജോലി സമയം പുനഃക്രമീകരിച്ച ഉത്തരവ് കർശനമായി പാലിക്കാൻ തൊഴിൽ വകുപ്പിന് നിർദേശം നൽകി. ട്രാഫിക് സിഗ്നലുകളിലും മാർക്കറ്റുകളിലും തണലൊരുക്കാനും തണ്ണീർപ്പന്തലുകൾ വഴി ശുദ്ധജല വിതരണം ഉറപ്പാക്കാനും തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി. സൂര്യാഘാത സാധ്യത മുൻനിർത്തി മെഡിക്കൽ കോളജ് ഉൾപ്പെടെ ആരോഗ്യ കേന്ദ്രങ്ങൾ സജ്ജമായിരിക്കണം. പകൽ 11 മുതൽ 3 വരെ വെയിലേൽക്കുന്നത് ഒഴിവാക്കണമെന്നും, തീപിടുത്തം, വന്യമൃഗ ആക്രമണം എന്നിവ നേരിടാൻ അഗ്നിരക്ഷാ സേനയും വനം വകുപ്പും ജാഗ്രത പാലിക്കണമെന്നും കലക്ടർ അറിയിച്ചു.

✪✪✪

കനത്ത ചൂട് കാരണം തൃശൂർ, കൊല്ലം ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. രണ്ട് ജില്ലകളിലും ഉഷ്ണതരംഗ സാധ്യതയെ തുടർന്ന് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിലും താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുള്ളതിനാലുമാണ് നടപടി.

**മുൻകൂട്ടി നിശ്ചയിച്ച സർവകലാശാല, ബോർഡ് പരീക്ഷകൾക്ക് അവധി ബാധകമല്ലെന്ന് തൃശൂർ ജില്ലാ കലക്ടർ അറിയിച്ചു.**

✪✪✪

**കടുത്ത ചൂടിനെത്തുടർന്ന് സംസ്ഥാനത്തെ അങ്കണവാടികളിലെ പ്രീ സ്കൂൾ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ വനിത ശിശുവികസന വകുപ്പ് തീരുമാനിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ആരോഗ്യ വകുപ്പിന്റെയും ജാഗ്രതാ നിർദേശത്തെ തുടർന്നാണ് നടപടി.**

**അങ്കണവാടികളുടെ മറ്റ് പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടക്കും. കുട്ടികൾക്കുള്ള പോഷകാഹാരം ഈ ദിവസങ്ങളിൽ വീടുകളിൽ എത്തിച്ചു നൽകുമെന്നും അധികൃതർ അറിയിച്ചു.**

✪✪✪

**സംസ്ഥാനത്ത് പാമ്പുകടിയേറ്റ് മൂന്ന് പേർ മരിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ചൂട് വർധിക്കുമ്പോൾ പാമ്പുകൾ മാളങ്ങളിൽ നിന്ന് പുറത്തിറങ്ങാൻ സാധ്യത കൂടുതലാണെന്നും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണമെന്നും മുഖ്യമന്ത്രി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.**

**വീടിന് ചുറ്റുമുള്ള കുറ്റിക്കാടുകളും ചപ്പുചവറുകളും നീക്കം ചെയ്യണം. ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയുന്നത് എലികളെയും അതുവഴി പാമ്പുകളെയും ആകർഷിക്കുമെന്നതിനാൽ ഇത് ഒഴിവാക്കണം. വീടിന്റെ വാതിലുകളിലും ജനലുകളിലും വിടവുകളില്ലെന്ന് ഉറപ്പാക്കണം. പാമ്പുകടിയേറ്റാൽ പരിഭ്രാന്തരാകാതെ ആന്റിവെനം സൗകര്യമുള്ള അടുത്തുള്ള ആശുപത്രിയിൽ ഉടൻ എത്തിക്കണം. പാമ്പുകളെ പിടികൂടാൻ വനം വകുപ്പിന്റെ 'സർപ്പ' ആപ്പ് വഴിയോ വോളന്റിയർമാർ വഴിയോ സഹായം തേടാമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.**

✪✪✪

**നിർമിത ബുദ്ധി മോഡലുകൾ ഉയർത്തുന്ന പുതിയ ഭീഷണികൾ നേരിടാൻ ബാങ്കുകൾ അതീവ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ആവശ്യപ്പെട്ടു.**

**A.I സാങ്കേതികവിദ്യ ഉപയോഗിച്ച് സോഫ്റ്റ്‌വെയറുകളിലെ സുരക്ഷാ പിഴവുകൾ കണ്ടെത്തി സൈബർ ആക്രമണങ്ങൾ നടത്താനുള്ള സാധ്യത വിലയിരുത്താൻ ന്യൂഡൽഹിയിൽ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിലാണ് ഈ നിർദേശം നൽകിയത്.**

**A.I ഉയർത്തുന്ന ഭീഷണികൾ മുൻപെങ്ങുമില്ലാത്ത വിധം ഗൗരവകരമാണെന്ന് ധനമന്ത്രി പറഞ്ഞു.**

✪✪✪

**കേന്ദ്രമന്ത്രി J.P നദ്ദ ന്യൂഡൽഹിയിൽ വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി. 2047 ഓടെ കെമിക്കൽസ്, പെട്രോകെമിക്കൽസ് മേഖലയിലെ വളർച്ച വേഗത്തിലാക്കുന്നതിനും, വികസിത് ഭാരത് എന്ന ദർശനത്തിലേക്ക് നടപടികളുടെ രൂപരേഖ തയ്യാറാക്കുന്നതിനുമാണ് കൂടിക്കാഴ്ചയെന്ന് നദ്ദ അറിയിച്ചു.**

**പശ്ചിമേഷ്യയിലെ നിലവിലെ പ്രതിസന്ധി കണക്കിലെടുത്ത് മേഖലാ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും, ബദൽ വിതരണ ശൃംഖലകൾ വികസിപ്പിക്കുന്നതിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു.**

**കെമിക്കൽസ് ആൻഡ് പെട്രോകെമിക്കൽസ് വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ, വിവിധ ഉപമേഖലകളെ പ്രതിനിധീകരിക്കുന്ന CEOമാർ, ചെയർപേഴ്സൺമാർ, വ്യവസായ നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.**

✪✪✪

**ഇന്നലെ നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് നടന്ന പശ്ചിമ ബംഗാളിലും തമിഴ്നാട്ടിലും റെക്കോർഡ് പോളിംഗ് രേഖപ്പെടുത്തി. ബംഗാളിൽ സ്വാതന്ത്ര്യാനന്തരമുള്ള ഏറ്റവും ഉയർന്ന പോളിംഗ് നിരക്കായ 91.78 ശതമാനവും തമിഴ്നാട്ടിൽ 84.69 ശതമാനവും പേർ വോട്ട് ചെയ്തു.**

**ബംഗാളിൽ 90.92 ശതമാനം പുരുഷന്മാരും 92.69 ശതമാനം സ്ത്രീകളും 56.79 ശതമാനം ട്രാൻസ്ജെൻഡർ വിഭാഗക്കാരും വോട്ട് ചെയ്തു. തമിഴ്നാട്ടിൽ 83.57 ശതമാനം പുരുഷന്മാരും, 85.76 ശതമാനം സ്ത്രീകളും 60.49 ശതമാനം ട്രാൻസ്ജെൻഡർ വിഭാഗക്കാരുമാണ് സമ്മതിദാനാവകാശം വിനിയോഗിച്ചത്.**

**ഇരു സംസ്ഥാനങ്ങളിലെയും വോട്ടർമാരെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ പ്രശംസിച്ചു.**

**✪✪✪**

**മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണത്തെ തൃശ്ശൂർ പൂരത്തിന് വെടിക്കെട്ട് ഒഴിവാക്കാൻ തീരുമാനമായി. പ്രതീകാത്മക ചടങ്ങുകളോടെ കുടമാറ്റം നടക്കും.**

**തൃശ്ശൂർ കളക്ടറേറ്റിൽ ഇന്നലെ ചേർന്ന ഉന്നത തല യോഗത്തിലാണ് തീരുമാനം.**

**തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.**

**.....(വോയ്സ്)......**

**✪✪✪**

**പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ 133-ാമത്തെ അധ്യായം മറ്റന്നാൾ രാവിലെ 11 മണിക്ക്. ആകാശവാണി, ദൂരദർശൻ, ആകാശവാണി ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ് ആകാശവാണി ന്യൂസ്, DD ന്യൂസ്, PMO, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകൾ എന്നിവയിലൂടെ പരിപാടി തത്സമയം കേൾക്കാം**

**✪✪✪**

**നെടുമ്പാശ്ശേരി വിമാനത്താവളം വഴി ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് വിപുലമായ സജ്ജീകരണങ്ങൾ പൂർത്തിയായതായി എറണാകുളം ജില്ലാ കലക്ടർ ജി പ്രിയങ്ക അറിയിച്ചു. ഈ മാസം 30-ന് ആദ്യ സംഘം പുറപ്പെടുന്നതോടെ ഈ വർഷത്തെ ഹജ്ജ് സർവീസുകൾക്ക് തുടക്കമാകും. 5,492 സ്ത്രീകളും 2,849 പുരുഷന്മാരുമുൾപ്പെടെ ആകെ 8,341 തീർത്ഥാടകരാണ് ഇത്തവണ നെടുമ്പാശ്ശേരി വഴി യാത്രയാകുന്നത്.**

**✪✪✪**

**ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം. 1993 ലെ ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയിൽ പ്രാദേശിക ഭരണകൂടങ്ങളെ പഞ്ചായത്തിരാജ് സ്ഥാപനങ്ങളായ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ ത്രിതല സംവിധാനമായി അവതരിപ്പിച്ച ദിവസമാണ് പഞ്ചായത്തിരാജ് ദിനമായി ആചരിക്കുന്നത്.**

പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണം, അവയുടെ ഉത്തരവാദിത്വമേറ്റെടുക്കാനുള്ള ശേഷികൂട്ടൽ എന്നിവയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

കോഴിക്കോട്ട് മൂന്നര കോടി രൂപയുടെ മയക്കുമരുന്ന് പിടികൂടി. പന്തിരാങ്കാവ് ടോൾ പ്ലാസയ്ക്ക് സമീപം നടത്തിയ പരിശോധനയിലാണ് 3.3 കിലോഗ്രാം മെത്താംഫിറ്റാമിനും 56 ഗ്രാം MDMA എക്സ്റ്റസി ഗുളികകളുമായി രണ്ട് പേർ പിടിയിലായത്.

മലപ്പുറം കച്ചേരിക്കൽ സ്വദേശി ഷഫീഖ്, താമരശ്ശേരി കൈതപ്പൊയിൽ സ്വദേശിനി ഫാത്തിമ നസ്റിൻ എന്നിവരാണ് അറസ്റ്റിലായത്. രാജസ്ഥാനിൽ നിന്നും കാറിൽ കടത്തിക്കൊണ്ടുവന്ന മയക്കുമരുന്ന് ബോണറ്റിനുള്ളിലെ രഹസ്യ അറയിൽ ഒമ്പത് പൊതികളിലായാണ് സൂക്ഷിച്ചിരുന്നത്. മലപ്പുറം ചേമ്പ്ര ഭാഗത്തേക്ക് വിതരണത്തിനായി എത്തിച്ചതാണ് ഇവയെന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായി.

സംഭവത്തിൽ വിപുലമായ വിതരണ ശൃംഖലയുണ്ടെന്ന നിഗമനത്തിൽ എക്സൈസ് നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡ് വിശദമായ അന്വേഷണം ആരംഭിച്ചു.

✪✪✪

കോഴിക്കോട് അത്തോളി മൊടക്കല്ലൂരിൽ അപ്പാർട്ട്മെന്റ് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ലഹരി വിൽപ്പന സംഘത്തെ എക്സൈസ് പിടികൂടി. രഹസ്യവിവരത്തെത്തുടർന്ന് നടത്തിയ പരിശോധനയിൽ 11.83 ഗ്രാം MDMA യും 5.44 ഗ്രാം കഞ്ചാവും സംഘത്തിൽ നിന്ന് പിടിച്ചെടുത്തു.

✪✪✪

ഡെങ്കിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിൽ 'ഉറവിടം തേടി' ക്യാമ്പയിന് തുടക്കമായി. അടുത്ത മാസം 6 വരെ ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ഊർജിത ഉറവിട നശീകരണവും ബോധവൽക്കരണവുമാണ് ലക്ഷ്യമിടുന്നത്. ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, കുടുംബശ്രീ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

കാസറഗോഡ് ജില്ലയുടെ വികസന ഭൂപടത്തിൽ യുവാക്കളുടെ ആശയങ്ങൾക്കും പ്രധാന്യം നൽകുന്നു. ജില്ലാ ഭരണകൂടം ആവിഷ്കരിച്ച നമസ്തേ കളക്ടർ പരിപാടി സ്കൂളുകളിൽ തുടങ്ങി കോളേജുകളിലേക്കും വ്യാപിപ്പിക്കുകയാണ്.

കാസർഗോഡ് നിന്നും P ജഗന്നിവാസൻ...

----------വോയിസ്-----------------

✪✪✪

കൊല്ലം ചാത്തന്നൂരിൽ ബൈക്ക് ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് രണ്ട് യുവാക്കൾ മരിച്ചു. കല്ലുവാതുക്കൽ ചെന്തിപ്പിൽ വിശാഖ്, നടയ്ക്കൽ കുഴിവേലി സ്വദേശി അജീഷ് എന്നിവരാണ് മരിച്ചത്.

കല്ലുവാതുക്കൽ - ചിറക്കര റോഡിൽ ശാസ്ത്രി ജംങ്ങ്ഷന് സമീപം ഇന്നലെ രാത്രി 10 മണിയോടെയായിരുന്നു അപകടം.

✪✪✪

IPL ട്വന്റി 20 ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന് 103 റൺസിന്റെ തകർപ്പൻ വിജയം. മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ചെന്നൈ ഉയർത്തിയ 208 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ 19 ഓവറിൽ 104 റൺസിന് എല്ലാവരും പുറത്തായി.

54 പന്തിൽ നിന്ന് പുറത്താകാതെ 101 റൺസ് നേടിയ മലയാളി താരം സഞ്ജു സാംസണിന്റെ തകർപ്പൻ പ്രകടനമാണ് ചെന്നൈക്ക് മികച്ച സ്കോർ സമ്മാനിച്ചത്.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. രാത്രി 7.30ന് ബെംഗളൂരു എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

---

*News Editor & News Reader: സയ്യിദ് അലി ശിഹാബ്*
*News Team: സബിത കെ, മണികണ്ഠൻ*
*DEO : ഷീബ*